ഖുത്വ്ബ നമ്പർ
**28**
13-07-2012

بسم الله الرحمن الرحيم O نحمده ونصلي على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



# പ്രവർത്തകർക്കിടയിൽ ഐക്യം പ്രധാനം.

# അല്ലെങ്കിൽ അനുഗ്രഹത്തിൽ നിന്നും പിന്തള്ളപ്പെടും

ഞാൻ പൊതുവിൽ ജൽസകൾക്ക് ശേഷം ജൽസയെ സംബന്ധിച്ചുള്ള വിഷയമാണ് പരാമർശിക്കാറുള്ളത്. അഥവാ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചും അവന് നന്ദി രേഖപ്പെടുത്തേണ്ടതിനെക്കുറിച്ചുമാണ് പറയാറുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്കയിലെയും കാനഡയിലെയും ജൽസ ഒരാഴ്ചയുടെ ഇടവേളയിൽ കഴിഞ്ഞ രണ്ടാഴ്ച്ചകളിൽ നടക്കുകയുണ്ടായി. എനിക്ക് ഈ ജൽസയിൽ പങ്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ജമാഅത്തുകളെ നേരിട്ട് സംബോധന ചെയ്യാനുള്ള അവസരം ലഭിച്ചതോടൊപ്പം ജമാഅത്തംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുന്നതു കാരണം പല കാര്യങ്ങളെ കുറിച്ചും അറിവ് ലഭിക്കുകയും ചെയ്യുന്നു. അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കാനും ജമാഅത്തിന്റെ ധാർമ്മികവും ആത്മീയവുമായ അവസ്ഥയെകുറിച്ച് അറിയാനും സാധിക്കുന്നു. അതു മുഖേന ജമാഅത്തിനെ മുന്നോട്ട് നയിക്കുന്നതിൽ സഹായം ലഭ്യമാകുന്നു എന്ന് മാത്രമല്ല അതിനുള്ള മാർഗങ്ങൾ ലഭിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എന്റെ അമേരിക്ക, കാനഡ സന്ദർശനം എനിക്കു വളരെ പ്രയോജനപ്രദമാകുകയുണ്ടായി. ഈ സന്ദർശനത്തിലൂടെ ജമാഅത്തിലെ അംഗങ്ങൾക്കും പ്രയോജനമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും പ്രയോജനമുണ്ടായിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഇതു കൂടാതെ സന്ദർശനവേളയിൽ അനഹ്മദികളും അമുസ്ലിംങ്ങളുമായ ഉന്നത രാഷ്ട്രീയ നേതാക്കളുമായി ബന്ധപ്പെടാനും ജമാഅത്തിനെ അവർക്ക് പരിചയപ്പെടുത്താനുമുള്ള അവസരവും ലഭിക്കുന്നു. ഈ വിധത്തിലും രണ്ടു സ്ഥലത്തും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിനെല്ലാമുള്ള അവസരം ലഭിക്കുകയുണ്ടായി. വളരെ നല്ല പ്രവർത്തനമാണ് ഇരുസ്ഥലങ്ങളിലും നടന്നു വരുന്നത്. രണ്ട് ജമാഅത്തുകളും ബാഹ്യമായ ബന്ധത്തെ വ്യാപിപ്പിക്കുകയുണ്ടായി.

ചുരുക്കത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ കൃതജ്ഞതാ പ്രകടനവുമായി ബന്ധപ്പെട്ട വിഷയമാണ് നിങ്ങളുടെ മുമ്പാകെ വെക്കാൻ ഉദ്ദേശിക്കുന്നത്. അതിനാൽ അല്ലാഹു എനിക്കും നിങ്ങൾക്കും വാർഷിക ജൽസ സംഘടിപ്പിക്കാനും അതിൽ പങ്കെടുക്കാനുള്ള സൗഭാഗ്യം നൽകിയതിന് നാം അല്ലാഹുവിന് നന്ദിയുള്ളവരായി തീരേണ്ടിയിരിക്കുന്നു. അല്ലാഹു ഇതിൽ അനുഗ്രഹം വർഷിക്കുകയും എല്ലാ നിലക്കും അനുഗ്രഹങ്ങൾ സ്വരുക്കൂട്ടികൊണ്ട് ഇതു സമാപനത്തിലെത്തുകയും ചെയ്തിരിക്കുന്നു. اَلْحَمْدُ لِلّٰهِ

എന്നാൽ അമേരിക്കയിലെയും കാനഡയിലെയും ജൽസയിൽ ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത് പോലെ ജൽസകളുടെ യഥാർത്ഥലക്ഷ്യം നമ്മിൽ പരിശുദ്ധമായ ഒരു മാറ്റം ഉണ്ടാക്കുക എന്നതായിരിക്കേണ്ടതാണ്. ജൽസ മുഖേന നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ നിലനിൽക്കുന്നത് നമ്മിൽ പരിശുദ്ധമായ മാറ്റം ഉണ്ടാകുമ്പോഴായിരിക്കും. ഈ മാറ്റങ്ങൾ താൽക്കാലികമാകാതെ സ്ഥായിയായ പ്രയത്നത്തിലൂടെയും പരിശ്രമത്തിലൂടെയും ഈ മാറ്റങ്ങളെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടിയിരിക്കുന്നു. ഈ കാര്യം ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ഇവയാണ് അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിക്കുന്ന വിഷയം നമ്മുടെ മുമ്പാകെ തുറന്നിടുന്നത്. കൃതജ്ഞതയുടെ വിഷയം വ്യക്തമായിക്കഴിഞ്ഞാൽ ഒരു വിശ്വാസി അല്ലാഹുവിന്റെ കൂടുതൽ അനുഗ്രഹത്തിന് കാരണമായിത്തീരുന്നു. അങ്ങനെ ഒരു അനുഗ്രഹത്തിന് ശേഷം മറ്റൊരനുഗ്രഹം മനുഷ്യന് ലഭ്യമായിക്കൊണ്ടിരിക്കുന്നതാണ്. അല്ലാഹു തആലാ നൽകുന്ന വാഗ്ദാനം സത്യമായി പുലരുന്നതാണ്. അവൻ തന്റെ നന്ദിയുള്ള ദാസരോട് വാഗ്ദാനം ചെയ്യുന്നത് ഇപ്രകാരമാണ്.

لَئِنْ شَكَرْتُمْ لَأَزِيدَنَّكُمْ

നിങ്ങൾ കൃതജ്ഞതയുള്ളവരായിക്കഴിഞ്ഞാൽ ഞാൻ നിങ്ങൾക്ക് കൂടുതൽ നൽകുന്നതാണ്.

ചുരുക്കത്തിൽ അല്ലാഹു തന്റെ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും അവന്റെ നന്ദിയുള്ള ദാസർക്കായി കൂടുതൽ വർദ്ധിപ്പിച്ച് നൽകുന്നതാണ്. ഒരു അഹ്മദീ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അല്ലാഹു അവന് ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാനുള്ള സൗഭാഗ്യം നൽകി എന്നതിനേക്കാളും വലിയ അനുഗ്രഹം മറ്റെന്താണ് ലഭിക്കാനുള്ളത്. ആ മഹാത്മാവ് നന്മകൾ ചെയ്യുന്നതിലേക്കും പരിശുദ്ധ മാറ്റം വരുത്തുന്നതിലേക്കും നമ്മെ വഴികാട്ടുകയുണ്ടായി. അതിനാൽ ഓരോ അഹ്മദിയും കൃതജ്ഞത പ്രകടനത്തിന്റെ ഈ വിഷയം മനസ്സിലാക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നവരായി അവർക്ക് മാറാൻ സാധിക്കുന്നതാണ്. അല്ലാഹുവിന് നന്ദികേട് കാണിക്കുന്നവരിൽ അവർ ഉൾപ്പെടാതിരിക്കേണ്ടതാണ്. അക്കൂട്ടർ അല്ലാഹുവിന്റെ വെറുപ്പിന് കാരണമായിത്തീരുന്നവരാണ്.

ഈ നാടുകളിൽ നിന്നു വന്ന നിങ്ങൾക്ക് അല്ലാഹു ഭൗതികമായ എത്രയോ അനുഗ്രഹങ്ങളും നൽകിയിട്ടുണ്ട്. ചിലർക്ക് ഈ ഫള്ൽ വളരെ കൂടുതലായി നൽകിയിരിക്കുന്നു. ഭൂരിഭാഗത്തിന്റെയും അവസ്ഥ മുമ്പുള്ള അവസ്ഥയേക്കാൾ എത്രയോ മെച്ചപ്പെട്ടിട്ടുണ്ട്. ഞാൻ ജൽസയിൽ എന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നതുപോലെ അല്ലാഹു തആലാ ഇവിടെ വരാൻ പലർക്കും അവസരം ഒരുക്കിയതിലൂടെ നിങ്ങളുടെ ഭൗതികമായ നിലവാരം ഉയരുകയുണ്ടായി. ഇതും അഹ്മദിയ്യത്തിന്റെ ബർക്കത്താണ്. എന്നാൽ ഇവിടെ വന്ന് അഹ്മദിയ്യത്തിന്റെ പേരിൽ ഇവിടെ കാലുറപ്പിച്ചതിന് ശേഷം അസൈലം കിട്ടി, അവരുടെ അവസ്ഥ മെച്ചപ്പെട്ടു കഴിഞ്ഞപ്പോൾ ജമാഅത്തിനെ ആക്ഷേപിക്കുന്നവരായി

മാറിയവർ നന്ദികെട്ടവരാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത്തരക്കാർ തരംതാണവരുമാണ്. അവർ ജമാഅത്തിൽ നിന്നും അകന്നു പോവുകയുണ്ടായി. ജമാഅത്തിന് അങ്ങനെയുള്ളവരെ കുറിച്ച് തരിമ്പും വിലകൽപ്പിക്കുന്നില്ല. അഴുക്ക് പോയി എല്ലാം വൃത്തിയായി എന്ന് പറയുന്നത് പോലെയാണ് ഇവരുടെ അവസ്ഥ. അല്ലാഹു തആലാ അങ്ങനെയുള്ളവരെ വേർപ്പെടുത്തിക്കൊണ്ട് ജമാഅത്തിനോട് കരുണ കാണിക്കുകയാണ് ചെയ്തത്.

എന്നാൽ ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ട ഒരു കാര്യം അവന്റെ കൃതജ്ഞത പൂർണ്ണമാകുന്നത് അവൻ അല്ലാഹുവിന്റെ പ്രീതി മുമ്പിൽ വെക്കുമ്പോഴും അവന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം മുന്നിൽ കാണുമ്പോഴുമാണ്. അത് മുമ്പിൽ വെച്ചുകൊണ്ട് ഒരു അഹ്മദി തന്നിൽ പരിശുദ്ധമായ മാറ്റം വരുത്താൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ യജമാനൻ ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി സമർപ്പിച്ച മാതൃകയനുസരിച്ച് ജീവിക്കാൻ ശ്രമിക്കേണ്ടതാണ്.

രിവായത്തിൽ വരുന്നു. തിരുനബി (സ) രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പേ അല്ലാഹു പകൽ മുഴുവനും ചെയ്ത അനുഗ്രഹങ്ങളെ സ്മരിക്കാറുണ്ടായിരുന്നു. അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുമായിരുന്നു. എന്നിട്ട് പറയും, എന്നിൽ അനുഗ്രഹങ്ങൾ ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും. എനിക്കവൻ വളരെ കൂടുതൽ നൽകുകയുണ്ടായി. ചുരുക്കത്തിൽ അല്ലാഹുവിനെ എപ്പോഴും സ്തുതിച്ചിരുന്നു.

അതേപോലെ തിരുനബി (സ) ചെയ്ത ഇബാദത്തുകളെക്കുറിച്ച് പറയപ്പെടുന്നത്, ഇബാദത്ത് ചെയ്തുകൊണ്ട് കാലുകളിൽ നീരു വരാറുണ്ടായിരുന്നു എന്നാണ്. ഇത്ര മാത്രം പ്രയാസം എന്തിനാണ് യാ റസൂലുല്ലാ താങ്കൾ സഹിക്കുന്നത് എന്ന് ചോദിക്കുമ്പോൾ മറുപടി പറയാറ് ഞാൻ അല്ലാഹുവിന്റെ നന്ദിയുള്ള ദാസനായിത്തീരേണ്ടതില്ലേ എന്നാണ്.

അതുകൊണ്ട് ഈ നന്ദിയുള്ള ദാസനെ അംഗീകരിക്കുന്നവരുടെയും അദ്ദേഹത്തിന്റെ ഉമ്മത്തിലുള്ളവരുടെയും കടമ അവരവരുടെ കഴിവിനനുസരിച്ച് ഈ മാതൃകയും പിൻപറ്റുക എന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ പ്രീതിക്ക് അവരും പാത്രമായി മാറുന്നതാണ്. തിരുനബി(സ) യെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു. فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ

നിങ്ങൾ എന്നെ പിൻപറ്റുക. എന്റെ മാതൃക സ്വായത്തമാക്കാൻ ശ്രമിക്കുക. അല്ലാഹുവിന്റെ പ്രിയരായിത്തീരുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നിങ്ങൾ മാറുന്നതാണ്. അല്ലാഹുവിന്റെ ഈ സ്നേഹം കൂടുതൽ അനുഗ്രഹം കരസ്ഥമാക്കുന്നതിന് കാരണമായിത്തീരുന്നതാണ്.

തിരുനബി(സ) അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ മാത്രമല്ല നന്ദി പ്രകടിപ്പിച്ചിരുന്നത്. പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുമ്പോഴും അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചിരുന്നു. ചെറിയ നിസ്സാരകാര്യങ്ങളിൽ പോലും തിരുനബി(സ) വളരേ കൂടുതൽ നന്ദി പ്രകടിപ്പിച്ചതായി കാണാൻ സാധിക്കുന്നതാണ്. നിത്യജീവിതത്തിലെ സാധാരണ കാര്യങ്ങളിലും മറ്റുമെല്ലാം അല്ലാഹുവിനോടുള്ള നന്ദി പ്രകടനം കാണാവുന്നതാണ്. ഈ ഒരു യഥാർത്ഥ നന്ദി പ്രകടനത്തിനായാണ് നാം പരിശ്രമിക്കേണ്ടത്. ഈ നന്ദി പ്രകടനം മൂലം അല്ലാഹു കൂടുതൽ അനുഗ്രഹങ്ങൾ ചൊരിയുകയും തന്റെ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും പലമടങ്ങ് വർദ്ധിപ്പിച്ച് തരികയും ചെയ്യുന്നതാണ്.

അതുകൊണ്ട് ഈ നന്ദി പ്രകടനം മനുഷ്യന് സ്വയം പ്രയോജനം നേടിക്കൊടുക്കുന്നതായിരിക്കും. അല്ലാഹു തആലാക്ക് നമ്മുടെ നന്ദി പ്രകടനത്തിന്റെ ആവശ്യമില്ല. നാം കൃതജ്ഞത പ്രകടിപ്പിക്കേണ്ട ആവശ്യമൊന്നും അവനില്ല. അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു.

وَمَنْ شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهٖ ۚ وَمَنْ كَفَرَ فَإِنَّ رَبِّيْ غَنِيٌّ كَرِيْمٌ ﴿٤١﴾

നന്ദി പ്രകടിപ്പിക്കുന്നവർക്ക് തന്നെയാണ് അതിന്റെ നേട്ടം ലഭിക്കുന്നതാണ്. എന്നാൽ നന്ദികേട് കാണിക്കുന്നവർ ഓർക്കേണ്ടത് അല്ലാഹു സർവ്വവിധ നന്ദി പ്രകടനത്തിൽ നിന്നും സ്വയാശ്രയനാണെന്നാണ്. അതുകൊണ്ട് ഒരു അഹ്മദിക്ക് ഈ രീതിയിലുള്ള നന്ദി പ്രകടനക്കാരനായാണ് മാറേണ്ടത്.

നന്ദി പ്രകടനത്തിന് വിവിധ മാർഗ്ഗങ്ങളുണ്ട്. ആ മാർഗ്ഗങ്ങൾ നിത്യവും അന്വേഷിക്കുക. നന്ദി പ്രകടനത്തിന്റെ വിവിധ രീതികൾ അന്വേഷിക്കുന്ന ഒരു വിശ്വാസി അവൻ മനസ്സിലും നന്ദി പ്രകടിപ്പിക്കുന്നു. നാവുകൊണ്ടും നന്ദിപ്രകടിപ്പിക്കുന്നു. അവൻ അല്ലാഹുവിനെ സ്തുതിക്കുന്നു. അതേപോലെ മറ്റുള്ളവരെ വാക്കുകളിലൂടെ നന്ദി പ്രകടിപ്പിക്കുന്നു. ബാഹ്യമായ ചേഷ്ടകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നന്ദി പ്രകടിപ്പിക്കുന്നു. ചുരുക്കത്തിൽ മനുഷ്യന് നന്ദി പ്രകടിപ്പിക്കണമെന്നുണ്ടെങ്കിൽ അവന്റെ മുഴുവൻ അവയവവും നന്ദി പ്രകടിപ്പിക്കുന്നതായി മാറുന്നു. മനുഷ്യന്റെ ശരീരമൊന്നടങ്കം നന്ദി പ്രകടിപ്പിക്കുന്നതായി മാറേണ്ടതാണ്. അല്ലാഹു തന്റെ ദാസന് നന്ദി പ്രകടിപ്പിക്കുമ്പോൾ, കാരണം ഇവിടെ അല്ലാഹു നന്ദി പ്രകടിപ്പിക്കുന്നു എന്നു വന്നിട്ടുണ്ട്, അല്ലാഹുവിന്റെ നന്ദി പ്രകടനം എന്നാൽ ദാസനിൽ അവൻ ചെയ്യുന്ന അനുഗ്രഹവർഷമാണ്.

അല്ലാഹുവിനെ മനുഷ്യൻ നന്ദി പ്രകടിപ്പിക്കുമ്പോൾ അവൻ ചില കാര്യങ്ങൾ ഓർമ്മവെക്കേണ്ടതാണ്. പൂർണ്ണമായ വിനയം പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക. രണ്ടാമത്തെ കാര്യം അല്ലാഹുവിനോടുള്ള സ്നേഹം പ്രകടമാക്കുക. അവന്റെ സ്നേഹം കരസ്ഥമാക്കാനായി പരിശ്രമിക്കുക. ഇതും അല്ലാഹുവിനോടുള്ള നന്ദി പ്രകടനമാണ്. മറ്റൊന്ന് അല്ലാഹുവിന്റെ ഫള്ലിനെയും അനുഗ്രഹത്തെയും ഓർക്കുക. മനുഷ്യനിൽ ഉണ്ടാകുന്ന ഓരോ ഫള്ലും അല്ലാഹുവിൽ നിന്നാണെന്ന് മനസ്സിലാക്കുക. എനിക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ ഫള്ൽ കാരണമായാണ് ലഭിച്ചത് എന്ന് മനസ്സിലാക്കുക. ഇങ്ങനെയുള്ള ചിന്തയാണ് ഉണ്ടാവേണ്ടത്. ഇതും ഒരു തരം നന്ദി പ്രകടനം തന്നെയാണ്. ഇതു കൂടാതെ അവന്റെ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും ഏറ്റുപറഞ്ഞുകൊണ്ട് അവന് നന്ദി രേഖപ്പെടുത്തുക. തന്റെ നാവിനെ എപ്പോഴും അവന്റെ സ്തുതിയിൽ ലീനമാക്കി വെക്കുക. അതോടൊപ്പം അവൻ നൽകിയ അനുഗ്രഹങ്ങളെ അവന്റെ പ്രീതി ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കുകയും ചെയ്യുക. ഇവ ചെയ്യുന്നത് മൂലമാണ് യഥാർത്ഥ അർത്ഥത്തിൽ അല്ലാഹു ഇഷ്ടപ്പെടുന്ന നന്ദി പ്രകടനമായി മാറുന്നത്. ഞാൻ പറഞ്ഞതുപോലെ ഇങ്ങനെ നന്ദി പ്രകടിപ്പിക്കുമ്പോൾ ആ ദാസർക്ക് അല്ലാഹു കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നതാണ്.

അല്ലാഹു പറയുന്നു. നിങ്ങൾ നന്ദിയുള്ളവരായിത്തീർന്നാൽ **ല അസീദന്നക്കും** ഞാൻ നിങ്ങൾക്ക് കൂടുതൽ നൽകുന്നതാണ്. ഇത് കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്.

ജൽസ ഞങ്ങൾക്ക് വളരെ പ്രയോജനം നൽകി എന്ന് ജനങ്ങൾ എനിക്കെഴുതുകയും മുലാക്കാത്ത് വേളകളിൽ എന്നോട് പറയുകയും ചെയ്യുന്നു, ഞങ്ങൾക്ക് ഇത് വളരെ ആനന്ദം നൽകുകയുണ്ടായി. എന്നാൽ ഈ ആനന്ദവും പ്രയോജനവുമെല്ലാം ഫലപ്രദമാകുന്നത് ഓരോ അഹ്മദിയും മുമ്പത്തേക്കാളുപരി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരും അവനെ ആരാധിക്കുന്നവരുമായി മാറുമ്പോഴാണ്. അല്ലാഹുവിന്റെ പ്രീതി ആകർഷിക്കുന്നതിനായി മുമ്പത്തേക്കാൾ കൂടുതൽ പരിശ്രമിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ ഫള്ലിന്റെയും അനുഗ്രഹത്തിന്റെയും പാരിതോഷികത്തിന്റെയും ലിസ്റ്റ് തയ്യാറാക്കുക. അവ തന്റെ മുമ്പിൽ വെക്കുക. നന്മകൾ ചെയ്യാനുള്ള തൗഫീഖ് ലഭിക്കുന്ന

തിനെ ഓർക്കുക. ഇതിൽ സ്ഥിരത കാണിക്കുമെന്ന് ഉറച്ച തീരുമാനമെടുക്കുക. തിന്മകളുടെ ലിസ്റ്റ് ഉണ്ടാക്കി അതിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുക. തങ്ങളുടെ എല്ലാ കഴിവുകളും പ്രയത്നങ്ങളും മുഖേന ഇതിനായി പരിശ്രമിക്കുക. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളെയും പാരിതോഷികങ്ങളെയും ഓർത്തുകൊണ്ട് അല്ലാഹുവിന്റെ സ്തുതിയിൽ തന്റെ നാവിനെ ലയിപ്പിക്കുക. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെയും പാരിതോഷികങ്ങളെയും ഒരിക്കലും തെറ്റായ രീതിയിൽ ഉപയോഗിക്കുകയില്ലെന്നതിൽ എപ്പോഴും അടിയുറച്ചു നിൽക്കുക. ഈ നാട്ടിൽ വന്നതിനു ശേഷം അല്ലാഹു സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിൽ, സാമ്പത്തിക വിശാലത നൽകിയിട്ടുണ്ടെങ്കിൽ ഈ സാമ്പത്തിക പുരോഗതിയെ തെറ്റായ മാർഗ്ഗത്തിൽ ഉപയോഗിക്കാതെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ഉപയോഗിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്കയിൽ സാമ്പത്തികമായി വളരെ മെച്ചപ്പെട്ട അവസ്ഥയിൽ എത്തിയ പലരുമുണ്ട്. അവരിൽ ചിലർ തുറന്ന മനസ്സോടെ ജമാഅത്തിന്റെ ഓരോ പദ്ധതിയിലും അകമഴിഞ്ഞ് ചെലവ് ചെയ്യാറുമുണ്ട്. അല്ലാഹു അവരുടെ ധനത്തിലും ആരോഗ്യത്തിലുമെല്ലാം അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. അവർക്ക് എപ്പോഴും അല്ലാ ഹുവിന്റെ അനുഗ്രഹങ്ങളെ ഓർത്തുകൊണ്ട് അല്ലാഹുവിന്റെ കൃതജ്ഞതയുള്ള ദാസരായിത്തീരാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

സാമ്പത്തിക ത്യാഗത്തെ മാത്രം തങ്ങളുടെ നന്ദി പ്രകടനത്തിന്റെ പരമമായ സീമയായി കരുതരുത്. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നതിനായി കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചെയ്യേണ്ടതാണ്. യഥാർത്ഥ കൃതജ്ഞത പ്രകടനത്തിനും പരമകാരുണ്യകന്റെ ദാസനായിത്തീരുന്നതിനും ആരാധന നിർവ്വഹിക്കുന്നവരായിത്തീരേണ്ടതാണ്.

കാനഡയിൽ അമേരിക്കയിൽ ഉള്ളത്ര സാമ്പത്തിക ഉയർച്ച ലഭിച്ചവർ എന്റെ അറിവിൽ പെട്ടിടത്തോളം ഇല്ല എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇവിടെ മൊത്തത്തിൽ സാമ്പത്തിക ത്യാഗത്തിന്റെ നിലവാരം വളരെ ഉയർന്നതാണ്. അതോടൊപ്പം ചില പ്രവർത്തന വൈകല്യങ്ങളും ആരാധനയിലുള്ള കുറവും പ്രകടമാണ്. അല്ലാഹുവിന്റെ യഥാർത്ഥ നന്ദി പ്രകടനക്കാരായിത്തീരണമെങ്കിൽ ഈ ബലഹീനതകളെയും അകറ്റാൻ നാം ശ്രമിക്കേണ്ടതാണ്.

അമേരിക്കയിൽ താമസിക്കുന്ന അഹ്മദികളായാലും കാനഡയിൽ താമസിക്കുന്ന അഹ്മദികളായാലും ലോകത്ത് മറ്റെവിടെ താമസിക്കുന്നവരായാലും അവരിൽ പരിശുദ്ധമായ മാറ്റം വരുത്താൻ പരിശ്രമിക്കുമ്പോഴായിരിക്കും അവർ യഥാർത്ഥ അർത്ഥത്തിൽ നന്ദി പ്രകടിപ്പിക്കുന്നവരായിത്തീരുന്നത്. സ്ത്രീകളായാലും പുരുഷന്മാരായാലും ശരി, വിശുദ്ധ ഖുർആന്റെ നിർദ്ദേശങ്ങളെ തങ്ങളിൽ നടപ്പിൽ വരുത്താൻ പരിശ്രമിക്കാത്തിടത്തോളം, ഹദ്റത് മസീഹ് മൗഊദ് (അ)നോട് ചെയ്ത ബൈഅത്തിന്റെ നിബന്ധനകൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കാത്തിടത്തോളം കാലം അല്ലാഹുവിന്റെ യഥാർത്ഥ നന്ദി പ്രകടനക്കാരായി മാറില്ല. നന്ദി പ്രകടനത്തിന്റെ ഈ അവസ്ഥ കരസ്ഥമാക്കൻ അല്ലാഹു ഓരോ അഹ്മദിക്കും തൗഫീഖ് നൽകുമാറാകട്ടെ.

ചുരുക്കത്തിൽ നിങ്ങൾ ഒരു പരിശോധന നടത്തുക. ചുറ്റുപാടും കണ്ണോടിക്കുക. വീട്ടിന്റെ അവസ്ഥ എന്താണെന്ന് നോക്കുക. ഈ നന്ദി പ്രകടനം സ്വന്തം ചുറ്റുവട്ടത്തും വീട്ടിലും നമ്മളിൽ തന്നേയും എത്ര മാത്രമുണ്ടെന്ന് വീക്ഷിക്കുക. ഭർത്താവ് ഭാര്യയുടെ അവകാശം നൽകുന്നില്ലെങ്കിൽ മറ്റു നന്മകൾ ചെയ്യുന്നുണ്ടെങ്കിൽ തന്നെയും അവൻ യഥാർത്ഥ കൃതജ്ഞത പ്രകടിപ്പിക്കുന്നവനാകില്ല. അല്ലാഹു അദ്ദേഹത്തിന് ഭാര്യയെ നൽകി. കുട്ടികളെ നൽകി. അവരുടെ അവകാശങ്ങൾ നൽകുക എന്നത് അവന്റെ കടമയാണ്. അത് അല്ലാഹു അവനിൽ ഇട്ടിരിക്കുന്ന ഉത്തരവാദിത്വമാണ്. ഇത് ഭൗതികമായ എന്തോ കടമയല്ല. മറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്ന കടമകളാണ്. ഇതുപോലെ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരുടെ അവകാശങ്ങൾ നൽകുന്നില്ലെങ്കിൽ അവരും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവരായി മാറും. ഈ നിഷേധം നന്ദി പ്രകടിപ്പിക്കുന്നവരുടെ ലിസ്റ്റിൽ നിന്നും ഇവരെ നീക്കിക്കളയുന്നതാണ്.

ഞാൻ പറഞ്ഞതുപോലെ ഓരോ വ്യക്തിയും ഓരോ വീട്ടുകാരും ഒരാത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. എല്ലാ തലത്തിലും നമ്മുടെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതാക്കി നാം മാറ്റുന്ന ആ ദിവസമാണ് യഥാർത്ഥ നന്ദി പ്രകടനത്തിന്റെ ശരിയായ അവസ്ഥ സംജാതമാകുന്നത്. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും പാരിതോഷികങ്ങളുടെയും അനന്തമായ പ്രവാഹം തുടരുന്നതാണ്. ഭൗതികമായും ആത്മീയമായും ഇതുണ്ടാകുന്നതാണ്. വെറും സാമ്പത്തികമായ നേട്ടം മാത്രം മതിയായി കാണരുത്. ഒരു അഹ്മദി ആത്മീയതയിലും അഭിവൃദ്ധി പ്രാപിക്കേണ്ടിയിരിക്കുന്നു.

നന്ദി പ്രകടനവിഷയത്തിൽ ഞാനുമായി ബന്ധപ്പെട്ട കാര്യവും ഇവിടെ എടുത്ത് പറയുകയാണ്. കാരണം ഇതും നിർബന്ധമാണ്. ആദ്യമായി ഞാൻ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയാണ്. അവൻ ഹദ്റത് മസീഹ് മൗഊദ് (അ)ന് ഖിലാഫത്തിനോട് അതിശക്തമായ കൂറ് പുലർത്തുന്ന ഒരു ജമാഅത്തിനെ നൽകുകയുണ്ടായി. ഹദ്റത് മസീഹ് മൗഊദ് (അ)മിൽ നിന്നും നേരിട്ട് ശിക്ഷണം ലഭിച്ചവർ തുടങ്ങിവെച്ച ആത്മാർത്ഥതയുടെയും കൂറിന്റെയും ഈ പ്രകടനം, അത് കണ്ടുകൊണ്ട് ജമാഅത്തംഗങ്ങളുടെ ആത്മാർത്ഥതയും കൂറും കണ്ട് നമുക്ക് അത്ഭുതം തോന്നുന്നു എന്ന് ഹദ്റത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. ഈ വാക്കുകൾ എന്റേതാണെങ്കിലും ഇതേ അർത്ഥത്തിലാണ് ആ മഹാത്മാവ് പറഞ്ഞത്. ഒന്നേകാൽ നൂറ്റാണ്ട് നീണ്ടുകിടക്കുന്ന ആത്മാർത്ഥതയുടെയും കൂറിന്റെയും ഈ പ്രകടനം ഇന്നും അതിന്റെ സൗന്ദര്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ആത്മാർത്ഥതയെയും കൂറിനേയും ഒരിക്കലും മരിക്കാൻ അനുവദിക്കരുത്. തങ്ങളുടെ മക്കളിലും ഇത് തുടർന്നുകൊണ്ടിരിക്കാൻ പരിശ്രമിക്കുക. ഈ ആത്മാർത്ഥതയും കൂറും എന്നെ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവനെ സ്തുതിക്കുന്നതിലേക്ക് പ്രേരിപ്പിക്കുമ്പോൾ, എനിക്ക് ശേഷം വരുന്ന ഖലീഫമാർക്കും ഇത് പ്രേരണ നൽകുന്നതായിരിക്കും, ജമാഅത്തിലെ അംഗങ്ങൾക്കും നന്ദി പ്രകടനത്തിലേക്ക് ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഇതുകാരണം ഖിലാഫത്തുമായുള്ള സുദൃഢമായ ബന്ധവും അല്ലാഹുമായുള്ള ബന്ധവും തലമുറ തലമുറയായി നിലനിൽക്കുന്നതുമായിത്തീരുന്നതാണ്.

അതിനാൽ ഞാൻ പറഞ്ഞതുപോലെ അല്ലാഹു ജമാഅത്തിന്റെ ആത്മാർത്ഥതയെയും കൂറിനെയും നിലനിർത്തിയിരിക്കുന്നു എന്നതിന് അല്ലാഹുവിന് ഞാൻ നന്ദി പ്രകടിപ്പിക്കുന്നു. ലോകത്തിൽ എവിടെ പോയാലും ഓരോ അഹ്മദിയിലും ഇത് പ്രകടമാണ്. ഇതിന്റെ റൂഹും ഈ യാത്രയിൽ അമേരിക്കയിൽ ഞാൻ ദർശിച്ചു. ഇവിടെയും ഞാൻ ഇത് കാണുന്നു. കുട്ടികളിലും മുതിർന്നവരിലും സ്ത്രീകളിലും പുരുഷന്മാരിലും യുവാക്കളിലും പ്രായം ചെന്നവരിലും എല്ലാം ഇതു കാണാം.

ലോകം മനസ്സിലാക്കുന്നത് അമേരിക്കയിൽ വെറും ഭൗതിക ചിന്താഗതിയുള്ളവർ മാത്രമാണുള്ളതെന്നാണ്. അവർക്ക് ദീനുമായി ബന്ധമില്ലെന്ന് കരുതുന്നു. എന്നാൽ എന്റെ രണ്ടാഴ്ചയിലെ അവിടത്തെ താമസകാലത്ത് അവിടെയുള്ള അഹ്മദികൾ കാണിച്ച ആത്മാർത്ഥതയും കൂറും പ്രശംസനീയം തന്നെ. അവിടെ ഡ്യൂട്ടി നൽകിയ യുവാക്കൾ ചിലർ അവരുടെ ജോലിയൊന്നും

വകവെക്കാതെ തന്നെ യാത്രയിൽ പോലും എന്നോടൊപ്പം രണ്ടാഴ്ചയും ഉണ്ടായിരുന്നു. ഒരാൾ എന്നോടു പറഞ്ഞു. എനിക്ക് ജോലി ഇപ്പോൾ കിട്ടിയതേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ജൽസക്കും താങ്കളെ മുലാക്കാത്ത് നടത്താനും വേണ്ടി എനിക്ക് അവധി ലഭിച്ചിരുന്നില്ല. അത് ഉപേക്ഷിച്ചിട്ടാണ് ഞാൻ വന്നത്. അല്ലാഹു ഇവർക്കെല്ലാം എളുപ്പമായ മാർഗ്ഗം കാണിച്ചു കൊടുക്കട്ടെ. ഇവരുടെ ധനത്തിലും ആരോഗ്യത്തിലും ആത്മാർത്ഥതയിലും പതിൻമടങ്ങ് വർദ്ധനവ് നൽകുകയും ചെയ്യട്ടെ.

ഈ ആത്മാർത്ഥതയും കൂറും അല്ലഹുവിനെ സ്തുതിക്കുന്നതിലേക്കാണ് നമ്മെ കൊണ്ടുപോകുന്നത്. അതോടൊപ്പം ജൽസയിൽ വിവിധ വകുപ്പുകൾക്കു കീഴെ വളരെ ആത്മാർത്ഥതയോടും കൂറോടുംകൂടി ഡ്യൂട്ടി നൽകിയ എല്ലാവർക്കും ഞാൻ നന്ദി അറിയിക്കുകയാണ്. അമേരിക്കയിലും കനഡയിലും ജൽസയിൽ പങ്കെടുത്ത എല്ലാവരും തന്നെ ഇവർക്ക് നന്ദി രേഖപ്പെടുത്തേണ്ടതാണ്. ഇവർക്ക് ഒരു വിധത്തിലുമുള്ള അസ്വസ്ഥതകളും ഇല്ലാതെ മുമ്പത്തേക്കാളുപരി ദീനിന് സേവനം ചെയ്യാൻ ഉതകുന്ന രീതിയിലുള്ള സംതൃപ്തി അവർക്ക് കരഗതമാകട്ടെ എന്ന് ഇവർക്കായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ ഞാൻ പോയിട്ടുണ്ടായിരുന്നു. അവിടെയെല്ലാമുള്ള പഴയകാല അമേരിക്കൻ അഹ്മദികളും പുറമേ നിന്ന് ഇവിടെ വന്ന് പുതുതായി താമസിക്കുന്നവരും എല്ലാം വളരെ കൂടുതൽ ആത്മാർത്ഥത പ്രകടിപ്പിച്ചു എന്ന് എനിക്ക് നിശ്ചയമായും പറയാൻ സാധിക്കുന്നതാണ്. ഞാൻ തുടക്കത്തിൽ പറഞ്ഞ കാര്യത്തിലേക്ക് തന്നെ ഇവരെല്ലാവരുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. നിങ്ങളുടെ കൃതജ്ഞതാ പ്രകടനം ശരിയായ രീതിയിൽ ആയിത്തീരുന്നതും നിങ്ങൾ പ്രകടിപ്പിച്ച ആത്മാർത്ഥതയും കൂറും സംശുദ്ധമാകുന്നതും എല്ലാം അല്ലാഹുവിന്റെ സ്മരണയുടെ ഉന്നത നിലവാരം കരസ്ഥമാക്കുമ്പോഴായിരിക്കും.

ഞാനുമായി ബന്ധപ്പെട്ട നന്ദി പ്രകടനത്തിന്റെ പരമമായ സ്ഥാനം എന്നത് കാലത്തിന്റെ ഖലീഫയും ജമാഅത്തംഗങ്ങളും അല്ലാഹുവിന്റെ യഥാർത്ഥ ആരാധകരായിത്തീരുന്നതുകൊണ്ട് അവന് ശരിക്കും കൃതജ്ഞത ഉള്ളവരായിത്തീരുക എന്നതാണ്. അമേരിക്കയിൽ ഈ പ്രാവശ്യം യുവാക്കളിൽ ജമാഅത്തിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിലും ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശം എത്തിക്കുന്ന കാര്യത്തിലും കൂടുതൽ താൽപര്യം കാണുകയുണ്ടായി. അവർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല ബന്ധങ്ങളാണ് ഉണ്ടാക്കി വെച്ചിരിക്കുന്നത്. ഈ ബന്ധങ്ങളെല്ലാം എന്തെങ്കിലും ഭൗതികനേട്ടത്തിനു വേണ്ടിയാകരുത് എന്ന് ഓർക്കുക. മറിച്ച് ലോകത്തുള്ളവർക്ക് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയും ലോകരെ തിരുനബി (സ) യുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനും വേണ്ടിയായിരിക്കണം.

അവിടെ മാധ്യമ പ്രവർത്തകരുമായി എനിക്ക് സംവാദിക്കാനുള്ള അവസരവും ലഭിച്ചു. സി.എൻ.എൻ പ്രതിനിധി ചോദിച്ചത് അമേരിക്കയിൽ ഇസ്ലാം വ്യാപിക്കാനുള്ള സാധ്യതകൾ എന്തെല്ലാമാണെന്നാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞത് യഥാർത്ഥ ഇസ്ലാമിനെ അഹ്മദിയ്യാ ജമാഅത്താണ് സമർപ്പിക്കുന്നത്. അമേരിക്കയിൽ മാത്രമല്ല ലോകത്ത് എല്ലായിടത്തും അത് വ്യാപിക്കുവാനുള്ള സാധ്യതകൾ ഉണ്ട്. ഇത് ഭീകര പ്രവർത്തനങ്ങളാലല്ല, മറിച്ച് ഹൃദയങ്ങളെ കീഴ്പ്പെടുത്തിക്കൊണ്ടാണ് വ്യാപിക്കുന്നത്. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെ പ്രചരിപ്പിക്കുമ്പോഴാണ് അത് വ്യാപിക്കുക.

അതുകൊണ്ട് ഖിലാഫത്തിനോട് ആത്മാർത്ഥതയും കൂറും വെച്ചുപുലർത്തുന്നവരും അത് പ്രകടിപ്പിക്കുകയും ചെയ്യുന്നവരുമായ നമ്മുടെ യുവാക്കൾക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും ഓർക്കേണ്ട ഒരു കാര്യം നമ്മുടെ ലക്ഷ്യങ്ങൾ ഭൗതികമല്ല എന്നാണ്. നാം ഭൗതികമായി നിലനിർത്തുന്ന ബന്ധങ്ങളെല്ലാം തന്നെ ഇസ്ലാമിന്റെ വിജയത്തിലേക്കുള്ള മുന്നേറ്റം ചിന്തിച്ചു കൊണ്ടായിരിക്കണം. ഇതായിത്തീരണമെങ്കിൽ നമ്മുടെ സൃഷ്ടാവുമായി യഥാർത്ഥ കൂറ് പുലർത്തുന്നവരായി നാം മാറണം. ഇതാണ് ഞങ്ങളുടെ യഥാർത്ഥ ലക്ഷ്യമെന്നാണ് ഭൗതിക ലീഡർമാരോടും മറ്റുള്ളവരോടും എല്ലാം ഞാൻ പറയാറുള്ളത്.

ചുരുക്കത്തിൽ പൊതുവിൽ നോക്കിയാൽ അമേരിക്കൻ സന്ദർശനം വളരെ നന്നായി. അല്ലാഹു ഇതിന്റെ സൽഫലങ്ങൾ ഭാവിയിലും ഉണ്ടാക്കുമാറാകട്ടെ. ചില സ്ഥലങ്ങളിൽ പുതിയ പള്ളികളും പുതിയ സെന്ററുകളും വാങ്ങുകയുണ്ടായി. അതിന്റെയെല്ലാം ഉദ്ഘാടനങ്ങളും നടക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്കൻ ജമാഅത്തുകൾക്കും മസ്ജിദ് നിർമ്മാണത്തിലേക്ക് വളരെയധികം ശ്രദ്ധ തിരിഞ്ഞിട്ടുണ്ട്. ഇത് തുടർന്നു കൊണ്ട് പോകേണ്ടതാണ്.

മറ്റൊരു കാര്യം പറയാനുള്ളത് പുരോഗമിച്ചുകൊണ്ടിരിക്കുന്ന സമൂഹങ്ങൾ ഞങ്ങൾ ഇതെല്ലാം ചെയ്തു എന്ന് പറഞ്ഞിരിക്കാതെ ചെയ്തതിലുള്ള ന്യൂനതകളും കുറവുകളും കൂടി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ന്യൂനതകളിൽ ദൃഷ്ടി പതിപ്പിക്കേണ്ടത് നിർബന്ധമാണ്. അപ്പോഴാണ് ശരിയായ വഴി നിർണ്ണയിക്കപ്പെടുന്നത്. യഥാർത്ഥ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതും അപ്പോൾ മാത്രമാണ്. ജൽസയിൽ വന്ന കുറവുകളും ന്യൂനതകളും അത് അമേരിക്കയിലാണെങ്കിലും കനഡയിലാണെങ്കിലും റെഡ് ബുക്കിൽ രേഖപ്പെടുത്തി വെക്കേണ്ടതാണ്. ആ പുസ്തകം ഇല്ലാത്തവർ ഉണ്ടാക്കണം.

ഉദാഹരണത്തിന് ഞാൻ ലോകത്ത് വരാൻ പോകുന്ന രാഷ്ട്രീയപരമായ പ്രശ്നങ്ങൾ കാരണവും യുദ്ധത്തിന്റെ കൊടുതികൾ മൂലവും സാമ്പത്തിക മാന്ദ്യം കാരണമായും പല പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ടെന്നതിനെക്കുറിച്ച് കുറച്ചുകാലമായി ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതിൽ നിന്നും രക്ഷപ്പെടാനുള്ള മുൻകരുതലുകളും സംവിധാനങ്ങളും വീടുകളിലും ജമാഅത്ത് തലത്തിലും വേണമെന്നും ഞാൻ പറഞ്ഞിരുന്നു. അമേരിക്കയിൽ പൊതുവിൽ പ്രകൃതിക്ഷോഭങ്ങൾ, കൊടുങ്കാറ്റ് മുതലായവ വന്നുകൊണ്ടിരിക്കാറുണ്ട്. അത്കൊണ്ട് മസ്ജിദുകളും സെന്ററുകളും നിർമ്മിക്കുന്ന സ്ഥലങ്ങളിലെല്ലാം ചുരുങ്ങിയ പക്ഷം കറന്റിന്റെയും വെള്ളത്തിന്റെയും മുടങ്ങാത്ത സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഇതില്ലാതെ ഇക്കാലത്ത് ജീവിക്കാൻ പ്രയാസമാണ്.

കഴിഞ്ഞ നാളുകളിൽ ഞാൻ അവിടെ ഉണ്ടായപ്പോൾ തന്നെ ജൽസയിൽ പങ്കെടുക്കാൻ ഹരിസ്ബെർഗ് പോയതായിരുന്നു. പെട്ടെന്ന് കൊടുങ്കാറ്റ് വന്നു. ബൈത്തുർറഹ്മാൻ മസ്ജിദ് നിൽക്കുന്ന പ്രദേശത്തെ കറന്റ് പൂർണ്ണമായും നിലച്ചു. വെള്ളവും നിലച്ചു. വെള്ളത്തിന്റെയോ കറണ്ടിന്റെയോ ഒരു സംവിധാനവും വേറെ ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ജനറേറ്ററുകൾ സ്ഥാപിക്കേണ്ടതാണ്. ഉടനെ നമുക്ക് ജമാഅത്തിന്റെ കെട്ടിടങ്ങളെ പ്രകാശിപ്പിക്കാൻ സാധിക്കും. വെള്ളത്തിന്റെ ക്ഷാമം പരിഹരിക്കാനും സാധിക്കും.

ചിലർ പറയുന്നത് ഇത് ദൈവീകമായ ഒരു വിധിയും ആയിരിക്കാം. കാരണം പൊതുവിൽ മുന്നറിയിപ്പോട് കൂടിയാണ് ഉണ്ടാകാറുള്ളത്. എന്നാൽ ഇതൊന്നും മുന്നറിയിപ്പില്ലാതെയാണ് ഉണ്ടായത്. എവിടെയെങ്കിലും വല്ല ഉപദ്രവങ്ങൾക്കും സാധ്യത ഉണ്ടായിരിക്കാം. പക്ഷെ അല്ലാഹു അത് ഈ രീതിയിൽ നീക്കിക്കളഞ്ഞതായിരിക്കാം. എന്തായാലും അല്ലാഹുവിന്റെ തീരുമാനമെന്താണെന്ന് അറിയില്ല. ഏതായിരുന്നാലും നമുക്ക് നമ്മുടേതായ

മുൻകരുതൽ അനിവാര്യമാണ്. ഒരു പരിധിവരെ ലോകത്തെല്ലായിടത്തും അത് വേണം.

ഇനി ഞാൻ കാനഡയുടെ കാര്യം പറയാം. ഖുത്വുബ നടക്കുന്നത് കാനഡയിൽ നിന്നാണ്. എന്നാൽ പറയുന്നതെല്ലാം അമേരിക്കയെക്കുറിച്ചാണല്ലോ എന്ന് ഒരു പക്ഷെ ഇവർ ചിന്തിക്കുന്നുണ്ടാകും. അമേരിക്കയുടെ ഗുണദോശങ്ങളെല്ലാം പറഞ്ഞു. ഇനി നിങ്ങളുടെതും പറയാം. ഒന്ന് പൊതുവിലുള്ള കാര്യം പറയാം. ജമാഅത്തുകൾ എല്ലാം അല്ലാഹുവിന് നന്ദിയുള്ളവരായിത്തീരേണ്ടതാണ്. അവനുമായുള്ള ബന്ധം സാക്ഷ്യപ്പെടുത്തുക. കാനഡയിലേയും അമേരിക്കയിലേയും മാത്രം അഹ്മദികളല്ല, ലോകത്തുള്ള അഹ്മദികൾ എല്ലാം അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക. ഇത് ഞാൻ പല ആവർത്തി പറഞ്ഞിട്ടുള്ളതാണ്. മറ്റൊരു കാര്യം ഈ ആത്മാർത്ഥതയുടെയും കൂറിന്റെയും സ്നേഹപ്രകടനം കാനഡയിലും പ്രകടമാണ്, പ്രകടമായിക്കൊണ്ടിരിക്കുന്നു. കാരണം ഞാൻ ഇപ്പോൾ ഇവിടെത്തന്നെയാണുള്ളത്.

ഞാൻ ഇവിടെ എത്തിയ ദിവസം പാകിസ്ഥാനിൽ നിന്നും വന്ന ഞങ്ങളുടെ ഒരു ബന്ധുവായ വനിതക്ക്, അവർ അമേരിക്കയിലും പോയി വന്നതാണ്, അമേരിക്കയിൽ നിന്നും ഫോൺ വന്നു. എങ്ങനെയായിരുന്നു അവിടുത്തെ സ്വീകരണ പരിപാടി. അമേരിക്കയിലായിരുന്നോ നല്ലത് അതോ കാനയിലായിരുന്നോ. അപ്പോൾ അവർ നൽകിയ മറുപടി കാനഡയിലുള്ളവർ അമേരിക്കയെ വളരെ പിന്നിലാക്കുകയുണ്ടായി എന്നാണ്. ഇത് അങ്ങനെയാണ് വേണ്ടിയിരുന്നത്. കാരണം നിങ്ങൾ എണ്ണത്തിൽ കൂടുതലാണ്. പീസ് വില്ലേജിൽ കൂടുതലും അഹ്മദീ വീടുകളാണ്. മസ്ജിദ് അടുത്ത് തന്നെയാണ്. എന്നാൽ ഇതിൽ നിന്നും ഫലമെടുക്കാൻ ബാഹ്യമായ സ്വീകരണം മാത്രം പോരാ. അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിക്കുന്ന വിഷയം മുന്നിൽ വെക്കുക. അല്ലാഹു ഒരു സ്ഥലം നിങ്ങൾക്ക് തന്നു. അവിടെ നിങ്ങൾ എല്ലാവരും ഒരുമിച്ച് താമസിക്കുന്നു. ഞാൻ പറഞ്ഞതുപ്പോലെ പള്ളിയും അവിടെതന്നെ നൽകി. ഈ പള്ളിയെ നിറക്കണം. അപ്പോഴാണ് ഇതിന്റെ സൗന്ദര്യം വർദ്ധിക്കുക. അല്ലാഹുവിനോടുള്ള നന്ദിപ്രകടനം സാധ്യമാകുക. പ്രായം ചെന്നവർ ഇവിടെ വരാറുണ്ട്. പ്രായം ചെന്നവരിൽ അധികവും റിട്ടയേർഡ് ആയി ജോലിയൊന്നും ഇല്ലാത്തവരാണ്. ഒരുപക്ഷെ അഞ്ചുനേരവും നമസ്കാരത്തിനായി വരാറുണ്ടാകും. യുവാക്കളും കുട്ടികളും ഇബാദത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കി ഇവിടെ വരുമ്പോഴാണ് യഥാർത്ഥ ലക്ഷ്യം പൂർത്തിയാകുന്നത്. അവർ മസ്ജിദിനെ ജനനിബിഡമാക്കിത്തീർക്കണം. അവർ ജമാഅത്തിന്റെ സനാദന ശൈലി നടപ്പിൽ വരുന്നവരായി മാറണം. പെൺകുട്ടികളും സ്ത്രീകളും ഈ സമൂഹത്തിൽ വളർന്നുകൊണ്ട് തങ്ങളുടെ പവിത്രതയുടെയും തങ്ങളുടെ ലജ്ജയെയും തങ്ങളുടെ മൂല്യങ്ങളെയും സംരക്ഷിക്കണം. യുവ തലമുറ തങ്ങളുടെ മൂല്യങ്ങൾ തിരിച്ചറിയുന്നവരായി മാറണം. ഇവിടത്തെ അന്തരീക്ഷത്തിൽ അലിഞ്ഞുചേരുന്നവരാകാറുണ്ട്. ഈ സ്ഥാനം കരസ്ഥമാകുമ്പോഴാണ് അല്ലാഹുവിനോട് യഥാർത്ഥ രീതിയിൽ കൃതജ്ഞത ഉള്ളവരായിത്തീരുന്നത്. അതല്ലാതെ മുദ്രാവാക്യ വിളികളാലോ റോഡിൽ സ്വീകരിച്ചുകൊണ്ടോ ആവില്ല. ഇവ ഒരതിരുവരെ നിങ്ങളുടെ ആത്മാർത്ഥതയും കൂറും പ്രകടിപ്പിക്കുന്നത് തന്നെയാണ്. എന്നാൽ യഥാർത്ഥ ലക്ഷ്യം കരസ്ഥമാക്കുന്നതല്ല.

ഇവിടുത്തെ പ്രാദേശിക നേതാക്കൻമാരായ മേയറും മറ്റു രാഷ്ട്രീയ നേതാക്കളും എന്നെ കാണുകയുണ്ടായി. പൊതുവിൽ ജമാഅത്ത് അവരെ സ്വാധീനിച്ചിട്ടുണ്ട്. നിങ്ങളുടെ ജമാഅത്തിനെക്കുറിച്ച് നിങ്ങൾ അഭിമാനിക്കേണ്ടിയിരിക്കുന്നു എന്ന് പലരും എന്നോട് പറയുകയുണ്ടായി. എത്ര നല്ല ആളുകളാണ് നിങ്ങളുടെ ജമാഅത്തിലുള്ളത്. നിയമത്തെ കൃത്യമായി പാലിക്കുന്നു. ഇത് അല്ലാഹുവിന്റെ ഫള്‌ലാണ്. ഇവർ ഭൗതീക വീക്ഷണത്തിലാണ് നോക്കുന്നത്. അവർക്ക് ഉന്നത നിലവാരം നമ്മിൽ നിന്നും ദൃശ്യമാകുന്നു. എന്നാൽ നാം നമ്മേ നോക്കേണ്ടത് വിശുദ്ധ ഖുർആന്റെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ്. ഇക്കാലത്ത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ആ മാർഗം ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് വിവരിച്ചു തന്നിട്ടുള്ളതാണ്. നമ്മുടെ ഉന്നത ധാർമ്മിക ഗുണങ്ങളും മതത്തിലുള്ള സ്ഥിരപ്രതിഷ്ഠയുമൊന്നും ഭൗതീകരുണ്ടാക്കിയ നിലവാരത്തിലല്ല. അല്ലാഹു ഉണ്ടാക്കിയ ഒരു നിലവാരമാണത്. അല്ലാഹുവിനെ സന്തോഷിപ്പിക്കാനും അവന്റെ പ്രിയരായിത്തീരാനും വിശുദ്ധ ഖുർആന്റെ കൽപ്പനകൾ ശിരസ്സാവഹിക്കേണ്ട ആവശ്യമാണ് നമുക്കുള്ളത്. അതിനായി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ ഭൂമിയിലേക്കും ഭൂവാസികളിലേക്കും നോക്കാതെ ആകാശത്തേക്കും ആകാശഭൂമികളുടെ ഉടമസ്ഥനിലേക്കും നോക്കുക. ഇതായിക്കഴിഞ്ഞാൽ മാത്രമേ നാം യഥാർത്ഥ അർത്ഥത്തിൽ നന്ദിയുള്ളവരായിത്തീരുകയുള്ളൂ. അപ്പോൾ മാത്രമേ നിങ്ങളുടെ സ്വീകരണവും മുദ്രാവാക്യം മുഴക്കലും എല്ലാം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതാക്കി മാറ്റുകയുള്ളൂ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ സന്ദർശനത്തിന്റെ സ്ഥായിയായ ഫലവും ഇവിടെയും അമേരിക്കയിലും പ്രകടമാക്കിക്കൊണ്ടിരിക്കുകയാണ്. ചില കുട്ടികൾ എനിക്കെഴുതി. ഞങ്ങൾ അമേരിക്കയിലാണ് ജനിച്ചതും വളർന്നതും പഠിച്ചതും. ഇവിടെയുള്ള കുട്ടികളും എനിക്കെഴുതിക്കൊണ്ടിരിക്കുന്നു. കത്തുകൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. താങ്കളുടെ പ്രസംഗം കേട്ട് സ്ത്രീയുടെ പവിത്രതയെക്കാളും അവരുടെ ലജ്ജ എന്ന ശീലത്തെക്കുറിച്ചും ഞങ്ങൾക്ക് ബോധ്യമായി. ഇപ്പോഴാണ് ഞങ്ങളുടെ വിലയും നിലയും ഞങ്ങൾക്ക് മനസ്സിലായത്. പർദ്ദയുടെ പ്രാധാന്യം മനസ്സിലായത്. ഒരു അഹ്മദി പെൺകുട്ടി എങ്ങനെ ആയിരിക്കണമെന്ന് അറിയാൻ കഴിഞ്ഞു. യുവാക്കൾ എഴുതി; നമസ്കാരത്തിന്റെ പ്രാധാന്യം ഞങ്ങൾക്ക് ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞു. ചില പെൺകുട്ടികൾ എഴുതി. ഇവിടെയുള്ള ചുറ്റുപാടിൽ ജീവിക്കുന്ന ഞങ്ങൾക്ക് പർദ്ദ ധരിക്കാൻ ധൈര്യം വരുമോ എന്ന ആശങ്കയിലായിരുന്നു. എന്നാൽ താങ്കളുടെ മുമ്പാകെ പർദ്ദ ധരിച്ചു വന്നപ്പോൾ, അതേപ്പോലെ കാര്യങ്ങൾ കേട്ടതിനുശേഷം ഇനി ഈ പർദ്ദ ഒരിക്കലും മാറ്റിവെക്കുകയില്ലെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുകയാണ്. ഈ രീതിയിൽ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ ചിന്തയെ അല്ലാഹു എപ്പോഴും നിലനിർത്തട്ടെ. അവർ തങ്ങളുടെ പ്രതിജ്ഞയിൽ പറഞ്ഞതുപ്പോലെ തങ്ങളുടെ പവിത്രതെയും സൂക്ഷിക്കുന്നവരായിത്തീരട്ടെ.

നമസ്കാരത്തിലുള്ള ശ്രദ്ധയെക്കുറിച്ച് ചിലർ മുലാഖാത്ത് നടത്തിയപ്പോൾ പറയുകയുണ്ടായി; ഇനി മുതൽ ഒരു പരാതിയും ഞങ്ങളിൽ നിന്നും ഉണ്ടാകുന്നതല്ല. കത്തുകളിലും അത് എഴുതിത്തരികയുണ്ടായി. ഈ കാര്യങ്ങൾ എന്നെ അല്ലാഹുവിനോടുള്ള സ്തുതിയിലും നന്ദിപ്രകടനത്തിലേക്കുമാണ് കൊണ്ടുപോകുന്നത്. ഹൃദയങ്ങളെ നിയന്ത്രിക്കുന്നവൻ അല്ലാഹുവാണ്. ഹൃദയത്തെ മാറ്റുന്നവനും വാക്കുകളിൽ പ്രതികരണമുണ്ടാക്കുന്നവനും അവൻ തന്നെ. ഈ പെൺകുട്ടികൾക്കും ജമാഅത്തംഗങ്ങൾക്കും കാലത്തിന്റെ ഖലീഫയുടെ ശബ്ദത്തിന് ലബൈക്ക് പറഞ്ഞുകൊണ്ട് തങ്ങളിൽ പരിശുദ്ധമായ മാറ്റം വരുത്തുന്നതിലേക്ക് അവനാണ് തിരിച്ചുവിടുന്നത്. അവർ ഒരു ദൃഢനിശ്ചയത്തോടെ ഈ സമൂഹത്തിൽ തങ്ങളുടെ സ്ഥാനമാനങ്ങൾ എന്താണെന്ന് കാണിക്കുന്നതിനായി നിലയുറപ്പിച്ചിരിക്കുകയാണ്. കുറച്ചു ദിവസങ്ങൾക്കു മുമ്പുവരെ ഇവർ തന്നെ അറച്ചു നിൽക്കുന്നവരും ലജ്ജിച്ചിരിക്കുന്നവരുമായിരുന്നു. ചിലർ സ്കൂളുകളിൽ അസ്വസ്ഥരായിരുന്നു. ഈ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ ഇതിനു

നന്ദിപ്രകടിപ്പിക്കേണ്ടതാണ്. അല്ലാഹുവേ! പവിത്രമായ ഈ മാറ്റം ഞങ്ങൾ നിലനിർത്തുന്നതാണെന്നും ഈ ഒരു ഗുണം എപ്പോഴും നിലനിൽക്കുന്നതിനായി അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് അവന്റെ മുമ്പിൽ കുമ്പിടുന്നതാണെന്നും അവർ അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തുകൊണ്ട് ഇതു നിറവേറ്റുക; ഇവ്വിധ മാറ്റങ്ങൾ ഉണ്ടായിട്ടുള്ള പുരുഷന്മാരും യുവാക്കളുമെല്ലാം തങ്ങളിൽ ഉണ്ടായിട്ടുള്ള ഈ മാറ്റങ്ങൾ സ്ഥായിയായി നിലനിർത്താൻ ശ്രമിക്കുന്നതാണെന്ന് പ്രതിജ്ഞ എടുക്കുക.

മുമ്പും ഞാൻ ഭർത്താക്കൻമാർക്ക് അവരുടെ ഭാര്യമാരോട് ഈ കടമകളെക്കുറിച്ച് പറഞ്ഞുകൊടുത്തിരിക്കുന്നു. ഇതേപ്പോലെ ഭാര്യമാർക്ക് അവരുടെ ഭർത്താക്കൻമാരുടെ കടമകളെക്കുറിച്ചും. പരസ്പരമുള്ള വിശ്വാസം നിലനിർത്താൻ ശ്രമിക്കുക. കാരണം വീടുകളിൽ ഇക്കാലത്ത് ബന്ധങ്ങളിൽ ഉലച്ചിലുകളുണ്ടാകുന്നതും ബന്ധം വിച്ഛേദിക്കപ്പെടാനുമുള്ള കാരണം പരസ്പര വിശ്വാസത്തിലുള്ള കുറവാണ്. അതോടൊപ്പം സത്യസന്ധമായ രീതിയിലുള്ള സമീപനം ഇല്ലാത്തതുകൊണ്ടുമാണ്. അതുകൊണ്ട് സത്യത്തിൽ നിലയുറച്ച് നിന്നുകൊണ്ട് ഭാര്യാഭർത്താക്കൻമാർ പരസ്പരം വിശ്വാസത്തിലെടുക്കേണ്ടതാണ്. യുവാക്കൾ മാതാപിതാക്കളുടെ നിർദ്ദേശപ്രകാരം വിവാഹം ചെയ്യുന്നുണ്ടെങ്കിൽ പൂർണ്ണ കൂറോടുകൂടി ആ ബന്ധം നിലനിർത്തുക. ഇനി മറ്റെവിടെയെങ്കിലുമാണ് താൽപര്യമെങ്കിൽ ആൺകുട്ടി പെൺകുട്ടിയുടെ ജീവിതം തുലക്കരുത്. പെൺകുട്ടി ആൺകുട്ടിയുടെ ജീവിതവും ഹോമിക്കരുത്. വിവാഹത്തിന് മുമ്പേ എനിക്ക് ഈ വിവാഹം ഇഷ്ടമല്ലെന്നും മറ്റൊരുത്തിയോടാണ് എന്റെ താൽപര്യമെന്നും മാതാപിതാക്കളോട് തുറന്ന് കാര്യങ്ങൾ പറയുക.

ഇസ്‌ലാമിൽ വിവാഹത്തിന്റെ അടിത്തറ പരിശുദ്ധതയിലാണെന്ന് ഓർക്കണം. ഭൗതീക കാര്യങ്ങളല്ല അടിസ്ഥാനമാക്കുന്നത്. തിരുനബി(സ) ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുമ്പോൾ പുരുഷൻ നാല് കാര്യങ്ങൾ പരിഗണിക്കുമെന്ന് പറയുകയുണ്ടായി. അതിൽ തിരുനബി(സ) ഏറ്റവും പ്രാമുഖ്യം നൽകിയത് ദീനിന് മുൻതൂക്കം നൽകണമെന്നാണ്. സൗന്ദര്യമോ, കുടുംബ മഹിമയോ സമ്പത്തോ നോക്കാതെ മതമാണ് നോക്കാൻ പറഞ്ഞത്. ആൺകുട്ടികൾ ദീൻ നോക്കുമ്പോൾ അവർ സ്വയം മതത്തോട് ബന്ധമുള്ളവരായി മാറേണ്ടതാണ്. ഇതു സംബന്ധമായി വിവിധ നിക്കാഹ് ഖുത്വുബകളിൽ ഞാൻ പരാമർശിക്കാറുണ്ട്. ആൺകുട്ടിയും പെൺകുട്ടിയും മതത്തോട് താത്പര്യമുള്ളവരായിക്കഴിഞ്ഞാൽ മാത്രമെ അഹ്‌മദിയ്യാ ജമാഅത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന യഥാർത്ഥ സമാധാനത്തിന്റെ അന്തരീക്ഷം നമുക്ക് സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ.

നമ്മുടെ അടിത്തറ പരിശുദ്ധിയാണ്. ഭൗതിക കാര്യങ്ങളിലല്ലാ. ഒരിക്കൽ കൂടി ഓർക്കുക. ഇവിടെയുള്ള സ്വതന്ത്ര സമൂഹത്തെ കണ്ട് നിങ്ങളുടെ ജീവിതത്തെ അസ്വസ്ഥമാക്കരുത്. ഇവിടെയുള്ളവർ വളരെ സന്തോഷത്തിലാണെന്ന് തെറ്റിദ്ധരിക്കരുത്. ഇവിടെ തുടക്കത്തിൽ സന്തോഷം കളിയാടും. പിന്നീടുള്ള നാളുകൾ അസ്വസ്ഥതയിലാണ് കഴിച്ചു കൂട്ടുന്നത്. അവസാനഫലം അസ്വസ്ഥത മാത്രമായിരിക്കും. അതിനാൽ തുടക്കത്തിൽ തന്നെ നിങ്ങളുടെ ചിന്തകളെ പവിത്രമാക്കുകയും അല്ലാഹുവിന്റെ പ്രീതിക്ക് ഉദക്കുന്നതരത്തിലുമാക്കിത്തീർക്കുക.

ഞാൻ നേരത്തെ പറഞ്ഞതുപ്പോലെ സാമ്പത്തികമായി പല വീടുകളിലും മെച്ചപ്പെട്ട അവസ്ഥ കൈവന്നിട്ടുണ്ട്. അല്ലാഹുവിന്റെ ഒരു ഫള്‌ലാണെന്ന് ഓർക്കുക. ഭൗതീകതയും അതിന്റെ കണ്ണഞ്ചിപ്പിക്കുന്ന കൗതുകത്തിലും വീണുപോകാതിരിക്കുക. അല്ലാഹുവാണ് നിങ്ങൾക്ക് ഈ ഫള്ൽ തന്നിരിക്കുന്നത്. നിങ്ങളുടെ അടിസ്ഥാനമെന്താണെന്ന് എപ്പോഴും ഓർക്കുക. നിങ്ങളുടെ മുൻകാല ജീവിതം ഓർക്കുക. അല്ലാഹു എന്തെന്തെല്ലാം അനുഗ്രഹമാണ് ചെയ്തുതന്നതെന്ന് ഓർത്തു നോക്കുക. ഈ ഫള്ലിൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നവരാക്കി നിങ്ങളെ മാറ്റണം. ഒരു യഥാർത്ഥ വിശ്വാസം ഈ കാര്യങ്ങളെല്ലാമോർത്ത് അല്ലാഹുവിന്റെ ഫള്‌ലിന് നന്ദി രേഖപ്പെടുത്തുന്നവരായിരിക്കണം.

നന്ദി പ്രകടനത്തിന്റെ കാര്യം പ്രാവർത്തികമാക്കുകയാണെങ്കിൽ സഹോദരൻമാർക്കിടയിലും ബന്ധുക്കൾക്കിടയിലുമുള്ള പിണക്കവും വെറുപ്പും എല്ലാം അകറ്റാൻ ശ്രമിക്കുക. വെറുപ്പും അകൽച്ചയും ഇല്ലാതാക്കുകയെന്നതും അല്ലാഹുവിന്റെ ഫള്‌ലിനെ അടുപ്പിക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായി മനുഷ്യനെ മാറ്റുന്നതാണ്. ഈ കാര്യങ്ങളാണ് എല്ലാവരും എല്ലാഴ്പ്പോഴും ഓർക്കേണ്ടതാണ്.

ഞാൻ വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ കുറേ കുട്ടികൾ വഴിയിൽ നിൽക്കാരുണ്ട്. സലാം സലാം എന്ന ശബ്ദം എല്ലാ വശത്തു നിന്നും കേൾക്കാൻ സാധിക്കുന്നു. തക്ബീർ ധ്വനികൾ മുഴങ്ങിക്കൊണ്ടിരിക്കുന്നു. സമാധാനം വിതറുന്ന ഈ അന്തരീക്ഷം സ്വർഗ്ഗത്തിലേക്കുള്ള സൂചനയാണ് നൽകുന്നത്. ഇതിനെ ബാഹ്യമായ സമാധാനത്തിലേക്ക് മാത്രമാക്കാതെ ഇതിനെ യഥാർത്ഥത്തിലുള്ള സമാധാനം നിലനിർത്തുന്നതാക്കി മാറ്റുകയും ചെയ്യുക. അങ്ങനെ ഈ ദുൻയാവും സ്വർഗ്ഗതുല്യമായി മാറ്റുകയും, അതോടൊപ്പം വരാനിരിക്കുന്ന സ്വർഗ്ഗം ലഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്താൻ സാധിക്കുകയും ചെയ്യട്ടെ.

കുട്ടികൾ തക്ബീർ ധ്വനികൾ മുഴക്കാറുണ്ട്. ആത്മാർത്ഥതയുടെയും കൂറിന്റെയും വ്യത്യസ്ഥ പ്രകടനങ്ങൾ കാണാൻ സാധിക്കുന്നു. കുട്ടികളിൽ ഈ ആവേശം കൂടുതലായി കാണാൻ സാധിക്കുന്നതാണ്. ഈ ആവേശത്തെ നിലനിർത്താനായി കഠിന പ്രയത്നം ചെയ്യുക. അവർക്കും കുട്ടികൾക്കും ഇതിന്റെ യഥാർത്ഥ ആത്മാവ് നിലനിർത്താൻ കഴിയണം. ഈ സലാമിന്റെയും മുദ്രാവാക്യങ്ങളുടെയും യഥാർത്ഥ ആത്മാവ് എന്താണെന്ന് കുട്ടികൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. ഇതിന്റെ ആത്മാവും യാഥാർത്ഥ്യവും നിലനിൽക്കുന്നത് മുതിർന്നവരുടെയും കുട്ടികളുടെയും പ്രവർത്തനം ദൈവപ്രീതിക്കനുഗുണമായിത്തീരുമ്പോഴാണ്. അല്ലാഹുവിന്റെ കടമകൾ നിറവേറ്റുന്നതിനായി തങ്ങളുടെ സഹോദരന്റെ കടമകൾ നിറവേറ്റുന്നതിന് ശ്രദ്ധയുണ്ടായിരിക്കണം. അതുകൊണ്ട് ഈ ഉത്തരവാദിത്വങ്ങളെ ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്.

സംഘാടകരെ ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപ്പോലെ അമേരിക്കക്ക് വേണ്ടി മാത്രമല്ല. കനഡക്കാർക്ക് കൂടിയുള്ളതാണ്. നിങ്ങളുടെ പോരായ്മകളും ന്യൂനതകളും നോക്കി ഒരു ലിസ്റ്റ് തയ്യാറാക്കുക. റെഡ് ബുക്കിൽ അത് രേഖപ്പെടുത്തുക. അടുത്ത വർഷം പ്രോഗ്രാം ഉണ്ടാകുമ്പോൾ ഇവയെല്ലാം ശ്രദ്ധിക്കുക.

ഓരോ പോരായ്മയെക്കുറിച്ചും എനിക്ക് പല കത്തുകളും വന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ ഭാഗത്ത് ഭക്ഷണത്തിലുള്ള കുറവ്, ടിക്കറ്റിലുണ്ടാകുന്ന കുറവ് തുടങ്ങിയ പോരായ്മകളെക്കുറിച്ചുള്ള കത്തുകൾ വന്നുകൊണ്ടിരിക്കുന്നതെയുള്ളു. ജൽസയുടെ പ്രോഗ്രാമിനെ പലപ്പോഴും പ്രതികൂലമായി ബാധിച്ചിട്ടുള്ള ഒരു കുറവ് ശബ്ദക്രമീകരണത്തിന്റെതാണ്. മൂന്നു ദിവസവും ഏതെങ്കിലും പരിപാടികളിൽ ശബ്ദത്തിന്റെ പ്രശ്നം ഉണ്ടായിട്ടുണ്ട്. ഇവിടെ കുറേ കാലമായി നിങ്ങൾ ജൽസ നടത്തിയിട്ടും എന്തുകൊണ്ട് ഈ പ്രശ്നം ഉണ്ടായി എന്നാണ് എനിക്ക് മനസ്സിലാകാത്തത്. തെറ്റുപറ്റി എന്നും അതും ഇതും ഇല്ലായിരുന്നു എന്നും ലാഘവത്തോടെ പറഞ്ഞ് രക്ഷപ്പെടാൻ നോക്കരുത്. ഇതിന്റെ ശരിയായ കാരണം അന്വേഷിക്കുക. ഭാവിയിൽ ഇവ്വിധ തെറ്റുകൾ ആവർത്തിക്കാൻ പാടില്ല. എനിക്ക് ഇവിടെ മനസ്സിലായത് സംഘാടകരിലെ ചില ഉദ്യോഗസ്ഥന്മാർ തമ്മിൽ

പരസ്പര സഹകരണമില്ലെന്നാണ്. കോഡിനേഷൻ ഇല്ലാത്ത അവസ്ഥയാണ്. അതുകൊണ്ടാണ് ഈ അവസ്ഥ ഉടലെടുത്തത്. പരസ്പരം സഹകരണമില്ലെങ്കിൽ ഒരിക്കലും ബർക്കത്ത് ഉണ്ടാകുന്നതല്ല. ജമാഅത്തംഗങ്ങളുടെ ഇഖ്‌ലാസിന്റെ കാര്യത്തിൽ ഒരു സംശയത്തിനുമിടമില്ല. എന്നാൽ ഭാരവാഹികൾ തങ്ങളെക്കുറിച്ച് സ്വയം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഏതു നിയ്യത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ചിന്തിക്കേണ്ടതാണ്.

അതിനാൽ അമീർ സാഹിബും ഇക്കാര്യത്തിൽ സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്. അനാവശ്യമായി എല്ലാവരിലും പൂർണ്ണവിശ്വാസം അർപ്പിക്കുകയും വേണ്ടതില്ല.

ഇവിടെ ജൽസ നടത്തിയിരുന്നില്ലെങ്കിൽ നന്നായേനെ എന്ന് ഞാൻ സ്ത്രീകളുടെ ജൽസയിൽ പറഞ്ഞു പോയിരുന്നു. അങ്ങനെയല്ല അത് ഉദ്ദേശിച്ചത്, ഇവിടെ സംഘാടകർക്ക് നടത്താൻ കഴിയുന്നില്ലെങ്കിൽ വരുന്ന വർഷം നോർത്ത് അമേരിക്ക, കാനഡ എന്നീ ജൽസകൾ അമേരിക്കയിൽ സംഘടിപ്പിക്കാവുന്നതാണെന്നാണ്. നിങ്ങളുടെ ചെലവും കുറയും. പ്രശ്നങ്ങളും പരിഹരിക്കപ്പെടും. രണ്ടു നാട്ടുകാർക്കും അവരുടെ ഇസ്‌ലാഹിലേക്ക് ശ്രദ്ധയും ഉണ്ടാകും.

ഏതായിരുന്നാലും കാനഡയിലെ ജമാഅത്തംഗങ്ങളുടെ ആത്മാർത്ഥത കാണുമ്പോൾ ഇവിടത്തെ സംഘാടകർക്ക് ഒരവസരം കൂടി നൽകുന്നതാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. അവർ ഇസ്‌ലാഹ് വരുത്തട്ടെ. ദുൻയാവ് മാത്രം നിറഞ്ഞിരിക്കുന്ന ചിന്താഗതിയുള്ളവർ പ്രത്യേകിച്ച് തങ്ങളുടെ സംസ്കരണം വരുത്തുക. സ്വയം ആത്മപരിശോധന നടത്തുക. ആരോടും പറയേണ്ട ആവശ്യമില്ല. അവർക്ക് ഇനിയും സേവനത്തിനുള്ള അവസരം ലഭിക്കണമെന്നുണ്ടെങ്കിൽ. പുരുഷന്മാരിലും സ്ത്രീകളിലും ഇതേ അവസ്ഥയാണുള്ളത്. ഓർക്കുക! സദുദ്ദേശ്യമാണ് പ്രവർത്തനത്തിന് ബർക്കത്ത് ഇടുന്നത്. സ്വാർത്ഥതയും തന്നിഷ്ടവും വരും തലമുറയേയും നശിപ്പിക്കും, നിങ്ങളെയും നന്ദിയില്ലാത്തവരാക്കി മാറ്റും. ഇതു കാരണം അല്ലാഹുവിന്റെ അനുഗ്രഹത്തിനും പാരിതോഷികത്തിനും പാത്രമാകുന്നതിനു പകരം അല്ലഹുവിന്റെ ശിക്ഷക്ക് പാത്രമാകുന്നതാണ്. അല്ലാഹു ഒരിക്കലുമൊരിക്കലും അങ്ങനെ ആക്കാതിരിക്കട്ടെ.

ഞാൻ പുതിയ തലമുറയോട് പറയുന്നത് നിങ്ങൾ മുതിർന്നവരിലുള്ള നന്മകൾ നോക്കുക. അവരുടെ തിന്മകൾ നോക്കണ്ട. അവർ ചെയ്യുന്നതത്രയും നല്ലതാണെന്ന് കരുതണ്ട. അതിനാൽ നന്മകളെ മാത്രം നോക്കുക, പ്രത്യേകിച്ച് യുവതലമുറ.

മറ്റുള്ളവരുമായുള്ള ബന്ധപ്പെടലിൽ സ്ഥിതി അൽപ്പം മെച്ചപ്പെടുത്തിയതായി കാനഡയിൽ എനിക്ക് കാണാൻ സാധിച്ചു. അതല്ലെങ്കിൽ മുമ്പുണ്ടാക്കിവെച്ചിരുന്ന ബന്ധങ്ങളെ അവർ നിലനിർത്തുകയുണ്ടായി. മാത്രമല്ല വർദ്ധിച്ചിട്ടുമുണ്ട്. നല്ല പക്വതയുള്ളവരുമായാണ് ഈ പ്രാവശ്യം എന്റെ കൂടിക്കാഴ്ച ഇവർ നടത്തിയിട്ടുള്ളത്. ഇതിന്റേയും സൽഫലങ്ങൾ അല്ലാഹു പ്രകടമാക്കട്ടെ. ഞാൻ പറഞ്ഞതുപോലെ യുവാക്കളുടെ അദ്ധ്വാനം കാരണമായാണ് ഈ ബന്ധങ്ങൾ അമേരിക്കയിലും ഇവിടെയും ഉണ്ടായിട്ടുള്ളത്. ഇവിടെയും അതാണവസ്ഥ. ഇവിടെ പ്രത്യേകിച്ച് യുവാക്കൾ നല്ല രീതിയിൽ പ്രവർത്തിക്കുകയുണ്ടായി. ഈ ബന്ധങ്ങളെയും തങ്ങളുടെ പ്രവർത്തനങ്ങളെയും ഓരോ അഹ്മദിയും തന്നെ അഹ്മദിയ്യത്ത് അഥ്‌വാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിന് കാരണമായിത്തീരുന്നതിന് ഉതകുന്നതാക്കി മാറ്റേണ്ടതാണ്. ഇതാണ് നമ്മുടെ ലക്ഷ്യം. ഇതിന്നായി ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. അപ്പോൾ മാത്രമേ നന്ദി പ്രകടനം പ്രവർത്തനരൂപത്തിൽ അല്ലാഹുവിന്റെ മുമ്പിൽ സ്വീകരിക്കപ്പെടുകയുള്ളൂ.

വീടുകളിലെ ദീപാലങ്കാരവും വഴിയോരങ്ങളെ വർണ്ണശബളമാക്കുന്നതും ഡ്യൂട്ടി നൽകുന്നതിന് തങ്ങളെ സമർപ്പിക്കുന്നതും മറ്റും നിങ്ങൾ കാണിക്കുന്ന ആത്മാർത്ഥതയുടെയും കൂറിന്റെയും ഒരു താൽകാലിക പ്രകടനമാണ്. എന്നാൽ സ്ഥായിയായ പ്രകടനം എന്നത് ഖലീഫത്തുൽ മസീഹിന്റെ ഓരോ വാക്കും കേട്ട് അതിന് ലബൈക്ക് പറയുക എന്നതാണ്. ഈ പാശ്ചാത്യ നാടുകളിൽ ഇന്നയിന്ന പ്രയാസങ്ങളുണ്ടെന്ന് പറയുകയല്ല വേണ്ടത്. ഉറച്ച തീരുമാനമുണ്ടെങ്കിൽ ഒരു പ്രയാസവും തന്നെ മുന്നിൽ നിൽക്കില്ല. വിപ്ലവത്തിന് തയ്യാറായി നിൽക്കുന്ന സമൂഹങ്ങൾ പ്രയാസങ്ങളെ നോക്കി നിൽക്കാറില്ല. അവർ തങ്ങളുടെ പദ്ധതികൾ എന്താണെന്നാണ് നോക്കുക. ചിന്താധാരയെ മാറ്റുക മാത്രമാണ് വേണ്ടത്. ഇതാണ് ലോകത്ത് വിപ്ലവമുണ്ടാക്കാൻ കാരണമായിത്തീരുക. ഈ ചിന്താഗതിയോടുകൂടി ജീവിതം നയിക്കുന്നവരായി അല്ലാഹു നിങ്ങളെ മാറ്റട്ടെ. എനിക്ക് ജമാഅത്തംഗങ്ങളോടുള്ള കടമ നിറവേറ്റാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

**PRINTED BOOKS**

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 July 13 at : **Masjid Bait ul Islam, Toronto, Canada.**
Translation: M.Nasir Ahmed Kodiyathur 09497343704

Typing: Semiyya Sulthana & Tahir Ahmad.M.P
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**